(ബി&സി) 17-1-2015, 18-2-2015 എന്നീ തീയതികളിൽ ടി പ്രവൃത്തിക്ക് വേണ്ടി ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും കരാറുകാരാരും പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാലാണ് പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത്. ഇപ്പോൾ മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്.

കൂട്ടംവാളുക്കൽ കടവ് പാലം

347 (1391) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം അസംബ്ലി മണ്ഡലത്തിൽ കരുനാഗപ്പള്ളി, കായംകുളം, ഹരിപ്പാട് മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂട്ടംവാളുക്കൽ കടവ് പാലത്തിന്റെ നിർമ്മാണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ?

ഉത്തരം

കൂട്ടംവാളുക്കൽ കടവ് പാലത്തിന്റെ അലൈൻമെന്റ് അംഗീകരിച്ച പാലത്തിന്റെ വിശദമായ രൂപകൽപ്പന തയ്യാറാക്കിയിട്ടുണ്ട്. അപ്രോച്ച് റോഡിനും പാലത്തിനും ആവശ്യമായ സ്ഥലത്തിന്റെ അതിർത്തിക്കല്ലുകൾ സ്ഥാപിച്ചു. ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിച്ചുവരുന്നു.

നെല്ലിയാമ്പതിയിലെ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ പുനരുദ്ധാരണം

348 (1392) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെല്ലിയാമ്പതിയിലുണ്ടായ ഉരുൾപ്പൊട്ടലിൽ റോഡ് ഒലിച്ചുപോയി ഗതാഗത തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) 28-10-2014-ന് ഉണ്ടായ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് നാളിതുവരെ എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) നെല്ലിയാമ്പതിയിലെ തകർന്ന റോഡിന്റെ പുനരുദ്ധാരണ പണികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly